ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.06.2024**

## പ്രധാനവാർത്തകൾ

1. കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ സിബിഐ തൽസ്ഥിതി റിപ്പോർട്ട് വ്യാഴാഴ്ച സമർപ്പിക്കണമെന്ന് സുപ്രീംകോടതി.

2. കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ ആശുപത്രികളിലും സുരക്ഷാ വിന്യാസം 25 ശതമാനം വർധിപ്പിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

3. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ മലേഷ്യൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

4. കേരളീയ സമൂഹത്തിലേക്ക് നവോത്ഥാനത്തിന്റെ വെള്ളിവെളിച്ചം പകർന്ന് നൽകിയ മഹാത്മാവാണ് ശ്രീനാരായണഗുരു എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5. ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ലഭിച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിരുന്നുവെന്ന് മന്ത്രി സജി ചെറിയാൻ. റിപ്പോർട്ട് പൂർണ്ണമായി പുറത്തുവിടാത്തത് കുറ്റക്കാരെ സംരക്ഷിക്കാനെന്ന് പ്രതിപക്ഷ നേതാവ്.

6. സംസ്ഥാനത്ത് നാല് ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. കേരള-കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

==========================================

RAJU TVPM

## രാഷ്ട്രപതി – പുരസ്കാരങ്ങൾ

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് 2023-ലെ ദേശീയ ജിയോസയൻസ് പുരസ്കാരങ്ങൾ സമ്മാനിച്ചു. പുരസ്കാര ജേതാക്കളെ രാഷ്ട്രപതി അഭിനന്ദിച്ചു. പ്രകൃതിദുരന്തങ്ങൾ പ്രവചിക്കുന്നതിൽ ശാസ്ത്രജ്ഞർ വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണെന്ന് രാഷ്ട്രപതി പറഞ്ഞു. രാഷ്ട്രപതി ഭവനിലെ കൾച്ചറൽ സെന്ററിലെ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ ജി. കിഷൻ റെഡ്ഡി, സതീഷ് ചന്ദ്ര ദുബെ എന്നിവർ പങ്കെടുത്തു.

===========================================

## കൊൽക്കത്ത സംഭവം

കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ സിബിഐ തൽസ്ഥിതി റിപ്പോർട്ട് വ്യാഴാഴ്ച സമർപ്പിക്കണമെന്ന് സുപ്രീംകോടതി. സ്വമേധയാ എടുത്ത കേസ് സുപ്രീംകോടതി ഇന്ന് പരിഗണിച്ചു. സംഭവം നടന്നശേഷം ഏറെ വൈകി എഫ്.ഐ.ആർ ഫയൽ ചെയ്തതിൽ കോടതി ആശങ്ക രേഖപ്പെടുത്തി. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് 14 അംഗ ദേശീയ കർമസേന രൂപീകരിക്കാൻ കോടതി നിർദ്ദേശിച്ചു. വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം കർമസേനയുടെ ഭാഗമാകും. രാജ്യത്തുടനീളമുള്ള ആശുപത്രികളിൽ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളുടെ രൂപരേഖ കർമസേന തയ്യാറാക്കണമെന്നും കോടതി പറഞ്ഞു. സംഭവം രാഷ്ട്രീയവൽക്കരിക്കരുതെന്നും ബംഗാൾ സർക്കാർ നിഷേധാത്മകനിലപാട് സ്വീകരിക്കരുതെന്നും കോടതി നിർദ്ദേശിച്ചു. സംസ്ഥാനത്തുടനീളം ക്രമസമാധാനം തകരാറിലായ സംഭവമാണ് പശ്ചിമബംഗാളിൽ നടന്നതെന്നും കോടതി നിരീക്ഷിച്ചു. കൊല്ലപ്പെട്ട ഡോക്ടറുടെ പേരും ഫോട്ടോയും പരസ്യപ്പെടുത്തിയതിലും കോടതി ആശങ്ക രേഖപ്പെടുത്തി. ചീഫ്

RNU TVPM

ജസ്റ്റിസ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിച്ചത്. കേസ് വീണ്ടും ഓഗസ്റ്റ് 22-ന് പരിഗണിക്കും.

=========================================

## കേന്ദ്രസർക്കാർ സുരക്ഷ – (ഇൻട്രോ)

കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ ആശുപത്രികളിലും സുരക്ഷാ വിന്യാസം 25 ശതമാനം വർധിപ്പിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം തീരുമാനിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ ആശുപത്രികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മന്ത്രാലയം പുറപ്പെടുവിച്ചു. വിശദാംശങ്ങളിലേക്ക്....

**(വോയിസ്......)**

ആശുപത്രി പരിസരത്ത് ആരോഗ്യപ്രവർത്തകർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കണം. ആശുപത്രിയുടെ പ്രവേശന കവാടം, ഇടനാഴികൾ, ഒറ്റപ്പെട്ട ഇടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കണം. ദൃശ്യങ്ങൾ നിരീക്ഷിക്കാൻ പരിശീലനം നേടിയ സുരക്ഷാ ഉദ്യോഗസ്ഥരെയും നിയമിക്കണം. സ്റ്റാൻഡേർസ് സെക്യൂരിറ്റി പ്രോട്ടോകോളിന് പുറമെ ആവശ്യമായ സുരക്ഷാ ജീവനക്കാരെയും നിയമിക്കണം.

ആശുപത്രിയ്ക്കുളിൽ പ്രവേശിക്കാൻ ജീവനക്കാർക്കും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അംഗീകൃത തിരിച്ചറിയൽ കാർഡോ പാസോ നിർബന്ധമാക്കണം. അടിയന്തര സാഹചര്യം നേരിടാൻ സമഗ്രമായ പദ്ധതി തയ്യാറാക്കണം. വനിതാ ജീവനക്കാർക്ക് രാത്രി ഡ്യൂട്ടി ഇടുമ്പോൾ ഒന്നിലധികം പേർക്ക് ഒരുമിച്ച് ഡ്യൂട്ടി നൽകണം. വനിതാ ജീവനക്കാർക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഡ്യൂട്ടി റൂം സജ്ജമാക്കണം. അടിയന്തര സാഹചര്യം നേരിടാൻ എല്ലാ ജീവനക്കാർക്കും

RNU TVPM

പരിശീലനം നൽകണം. അതിക്രമങ്ങൾ ഉണ്ടായാൽ എത്രയും വേഗം പോലീസിനെ വിവരം അറിയിച്ച് വേണ്ട നടപടി കൈകൊള്ളാമെന്നും നിർദേശം നൽകിയിട്ടുണ്ട്.

ന്യൂസ്‌ഡെസ്ക് ആകാശവാണി.....

=========================================

**മലേഷ്യൻ പ്രധാനമന്ത്രി**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ബിൻ ഇബ്രാഹിമുമായി കൂടിക്കാഴ്ച നടത്തി. രാവിലെ രാഷ്ട്രപതി ഭവനിൽ മലേഷ്യൻ പ്രധാനമന്ത്രിയ്ക്ക് ആചാരപരമായ സ്വീകരണം നൽകി. രാജ് ഘട്ട് സന്ദർശിച്ച ഇബ്രാഹിം, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിച്ചു. മലേഷ്യൻ പ്രധാനമന്ത്രിയുടെ ബഹുമാനാർത്ഥം പ്രധാനമന്ത്രി ഇന്ന് ഉച്ചയ്ക്ക് വിരുന്നൊരുക്കും. ഒട്ടേറെ കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

RNU TVPM

=========================================

**പ്രധാനമന്ത്രി കൂടിക്കാഴ്ച**

ഇന്ത്യ സന്ദർശനത്തിനെത്തിയ ജപ്പാൻ വിദേശകാര്യ മന്ത്രി യോക്കോ കാമികാവ, പ്രതിരോധ മന്ത്രി മിനോരു കിഹാര എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങളും പ്രതിരോധവും സുരക്ഷയും അവർ വിലയിരുത്തി. ഇന്ത്യയും ജപ്പാനും തമ്മിലുള്ള പങ്കാളിത്തം ഇന്തോ-പസഫിക് മേഖലയിലുൾപ്പെടെ സമാധാനവും സമൃദ്ധിയും പ്രോത്സാഹിപ്പിക്കുമെന്ന് ശ്രീ മോദി പറഞ്ഞു.

=========================================

## ഇന്ത്യ-ജപ്പാൻ 2+2

ഇന്ത്യ-ജപ്പാൻ 2+2 മന്ത്രിതല ചർച്ച ഇന്ന് ന്യൂഡൽഹിയിൽ നടക്കും. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ, ജപ്പാൻ പ്രതിരോധ മന്ത്രി കിഹാര മിനോരു, വിദേശകാര്യ മന്ത്രി യോക്കോ കാമികാവ എന്നിവർ യോഗത്തിൽ പങ്കെടുക്കും. 2+2 സംഭാഷണത്തിന്റെ ഭാഗമായി, ഇന്ത്യ-ജപ്പാൻ പ്രതിരോധ മന്ത്രിതല ഉഭയകക്ഷി കൂടിക്കാഴ്ചയും നടക്കും. 2+2 കൂടിക്കാഴ്ചയിൽ ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുകയും ഇരുരാജ്യങ്ങളും തമ്മിലുള്ള ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്യും.

==========================================

## സദ്ഭാവന ദിനം

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 80-ാം ജന്മദിനമായ ഇന്ന് രാജ്യം സദ്ഭാവന ദിനം ആചരിക്കുന്നു. ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യൻ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി ആയിരുന്നു അദ്ദേഹം. രാജ്യത്തിന്റെ പുരോഗതിക്കായി നിരവധി നൂതന ആശയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വ്യക്തിയായിരുന്നു രാജീവ് ഗാന്ധി.

RIJU TVPM

==========================================

## പിയൂഷ് ഗോയൽ

ഇന്ത്യയും മലേഷ്യയും തമ്മിലുള്ള വ്യാപാര ബന്ധം ഏറെ പ്രധാനമെന്ന് ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-മലേഷ്യ സിഇഒ ഫോറത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യം, വിനോദസഞ്ചാരം, ഡിജിറ്റൽ സമ്പദ്വ്യവസ്ഥ,

ഇ-കൊമേഴ്സ്, ഹരിതവും സുസ്ഥിരവുമായ ഊർജം എന്നിവയുൾപ്പെടെ നിരവധി മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

==========================================

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന്  നാളെ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരുമായി കൂടിക്കാഴ്ച നടത്തും.  45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ആം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും.

RNU TVPM

==========================================

## ഹേമ കമ്മിറ്റി – ചർച്ച

ഹേമകമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ലഭിച്ച 24 നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന് അമ്മ, WCC എന്നീ സംഘടനകളുമായി ഗവൺമെന്റ് നേരിട്ട് ചർച്ച നടത്തിയിരുന്നുവെന്ന് മന്ത്രി സജി ചെറിയാൻ. ജുഡീഷ്യൽ സ്വഭാവമുള്ള കമ്മീഷന്റെ നിർദ്ദേശമുള്ളതുകൊണ്ടാണ് റിപ്പോർട്ട് പുറത്തുവിടാതിരുന്നതെന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി.

==========================================

## ഹേമ കമ്മിറ്റി-പ്രതിപക്ഷ നേതാവ്

ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാർ പുറത്ത് വിടാത്തത് കുറ്റക്കാരെ സംരക്ഷിക്കാനെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സർക്കാർ വേട്ടക്കാർക്കൊപ്പമാണെന്ന് അദ്ദേഹം ആരോപിച്ചു. നടന്നത് ക്രിമിനൽകുറ്റമാണെന്നും എത്രയും വേഗം കേസെടുത്ത അന്വേഷണം നടത്തുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

==========================================

## വി മുരളീധരൻ

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അതീവ ഗുരുതരമായുള്ള വെളിപ്പെടുത്തലുകൾ ഉള്ള സ്ഥിതിക്ക് സർക്കാർ എന്ത് നടപടി എടുത്തു എന്ന് ജനങ്ങൾക്ക് അറിയണമെന്ന് മുൻ കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ വി മുരളീധരൻ. കേരളത്തിലെ സ്ത്രീകൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ നിയമപരമായ ഇടപെടലുകൾ നടത്താൻ കഴിയുമെങ്കിൽ ബിജെപി അത് പരിശോധിക്കുമെന്നും മുൻ കേന്ദ്രമന്ത്രി തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

RNU TVPM

==========================================

## ഹേമ കമ്മിറ്റി – എം.വി ഗോവിന്ദൻ

സമൂഹത്തിന്റെ ജീർണ്ണത മുഴുവൻ പ്രതിഫലിപ്പിക്കുന്ന റിപ്പോർട്ടാണ് ഹേമ കമ്മീഷന്റേതെന്ന് CPI M സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ. തുല്യതക്കായി പോരാടുന്നതിൽ സ്ത്രീകൾക്കൊപ്പം മുഴുവൻ സമൂഹവും അണി ചേരണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

=========================================

## മുഖ്യമന്ത്രി – ശ്രീനാരായണ ഗുരു

ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾക്ക് കാലാനുസൃതമായി പ്രസക്തി ഏറി വരികയാണെന്നും കേരളീയ സമൂഹത്തിലേക്ക് നവോത്ഥാനത്തിന്റെ വെള്ളിവെളിച്ചം പകർന്ന് നൽകിയ മഹാത്മാവാണ് ശ്രീനാരായണഗുരു എന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സവർണ മേൽക്കോയ്മയെയും സാമൂഹ്യ തിന്മകളേയും ചോദ്യം ചെയ്ത ഗുരു ജാതീയ ഉച്ചനീചത്വങ്ങൾക്കും സാമ്പത്തിക ചൂഷണങ്ങൾക്കും എതിരെ ശക്തിയുക്തം നിലകൊണ്ടു. എല്ലാ മതങ്ങളുടെയും സാരം ഒന്നു തന്നെയാണെന്ന് അദ്ദേഹം ലോകത്തോട് ഉദ്ഘോഷിച്ചു.
100 വർഷങ്ങൾക്കിപ്പുറവും ശ്രീനാരായണ ദർശനങ്ങൾക്ക് പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്നതായും
ശ്രീ പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

=========================================

## ശ്രീനാരായണ ഗുരു

ശ്രീനാരായണ ഗുരുവിന്റെ 170-ാം ജയന്തി ഇന്ന് സംസ്ഥാനത്തുടനീളം ആഘോഷിക്കുന്നു. അദ്ദേഹത്തിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ വൈകിട്ട് ജയന്തി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കിയാണ് ചടങ്ങ് നടത്തുന്നത്. രാവിലെ ശ്രീനാരായണ ദാർശനിക സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ശിവഗിരിയിലും അരുവിപ്പുറത്തും ഉൾപ്പെടെ ജയന്തി ആഘോഷങ്ങൾ നടക്കും.

=========================================

PNU TVPM

**മഴ – സംസ്ഥാനം**

സംസ്ഥാനത്ത് രണ്ട് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

===========================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരിസൂചിക സെൻസെക്സ് 395 പോയിന്റ് ഉയർന്ന് 80,820-ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 125 പോയിന്റ് ഉയർന്ന് 24,697-ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 6,660 രൂപയും പവന് 80 രൂപ കുറഞ്ഞ് 53,280 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

===========================================

**ജമ്മു കശ്മീർ വിജ്ഞാപനം**

ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ആറ് ജില്ലകളിലെ 24 മണ്ഡലങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 27 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 28 ന് സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. സെപ്റ്റംബർ 18 നാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിച്ചേക്കും.

===========================================

**കണ്ണൂർ - (ഇൻട്രോ)**

പ്രസിദ്ധമായ കണ്ണൂർ മുഴക്കുന്ന് മൃദംഗ ശൈലേശ്വരി ക്ഷേത്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നു. മലബാർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലാണ് നവീകരണപ്രവർത്തനങ്ങൾ നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

**(വോയിസ്......)**

RNU TVPM

====================
============================
===========================================